# രക്ഷയുടെ പാതയിൽ



# സഭ : ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

8

# ഉള്ളടക്കം

1. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
2. കർത്താവായ ദൈവം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിതജനം
7. സഭ : പങ്കുവെക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

# പാഠം- 9



## പ്രേഷിതയായ സഭ

# പ്രേഷിതയായ സഭ

പ്രേഷിതയായ സഭ

1. മിശിഹാ ദൈവത്താൽ അയയ്ക്കപ്പെട്ടവൻ
2. സഭയുടെ പ്രേഷിതദൗത്യം
3. ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനങ്ങൾ
4. മാർതോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനം
5. പശ്ചാത്യ മിഷനറിമാരുടെ പ്രേഷിതപ്രവർത്തനം
6. സീറോമലബാർ സഭയുടെ പ്രേഷിത ചൈതന്യവും മുന്നേറ്റവും
7. ഓരോ ക്രൈസ്തവനും പ്രേഷിതൻ

# പ്രേഷിതയായ സഭ

- ലോകത്തിൽ ഈശോയ്ക്കു സാക്ഷ്യം വഹിക്കുനാനുള്ള ദൗത്യമാണ് അവിടുന്ന് സഭയെ ഭരമേല്പിച്ചത്. അതിനാൽ സഭ സ്വഭാവത്താലേ പ്രേഷിതയാണ്.

പ്രേഷിതയായ സഭ

## മിശിഹാ ദൈവത്താൽ അയ്ക്കപ്പെട്ടവൻ

- ഈശോ ദൈവത്താൽ അയ്ക്കപ്പെട്ട ആദ്യപ്രേഷിതനാണ്.
- ദൈവം തന്റെ തിരുസുതനെ ലോകത്തിലേക്കയച്ചത് അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്.

പ്രേഷിതയായ സഭ

## സഭയുടെ പ്രേഷിതദൗത്യം.

- ഈശോ ലോകത്തിന്റെ ഏകരക്ഷകനാണ് എന്ന സത്യം സകല ജനപദങ്ങളെയും അറിയിക്കുവാനും എല്ലാവരെയും ഈ രക്ഷയിലേക്ക് ആനയിക്കുവാനും സഭ നിയുക്തയായിരിക്കുന്നു.
- മിശിഹായെ അറിഞ്ഞിട്ടില്ലാത്തവർക്കു മിശിഹായെ അറിയിച്ച് കൊടുക്കാനുള്ള കടമ എല്ലാ വിശ്വാസികൾക്കും ഉണ്ട്.

## പ്രേഷിതത്വ സഭ

- മിശിഹായെ ഒരിക്കലും അറിയുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്തവരോടുള്ള സുവിശേഷപ്രഘോഷണം.
- മിശിഹായിലുള്ള വിശ്വാസത്തിലൂടെ രക്ഷയിലേക്കു കടന്നുവന്നവരെ വിശ്വാസ രഹസ്യങ്ങളിൽ ആഴപ്പെടുത്താനുള്ള സുവിശേഷപ്രബോധനം.
- മിശിഹായെ അറിഞ്ഞ് അവിടുന്നിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചവരെങ്കിലും വിശ്വാസജീവിതം ക്ഷയിച്ചുപോയ ക്രിസ്ത്യാനികളുടെ പുനർസുവിശേഷവത്ക്കരണം.

പ്രേഷിതയായ സഭ

## ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനങ്ങൾ

- നസ്രായനായ ഈശോ കർത്താവും മിശിഹായും ലോകരക്ഷകനുമായ ദൈവപുത്രനാണെന്ന് അവർ സാക്ഷ്യപ്പെടുത്തി.
- ശ്ലീഹന്മാരുടെ പ്രേഷിതവേലയുടെ ഫലമായ സഭ വളർന്നു പുഷ്ടി പ്രാപിച്ചു.

പ്രേഷിതയായ സഭ

# മാർതോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനം

- സുവിശേഷ ദീപവുമായി ഇന്ത്യയിലേക്കു വന്നത് മാർതോമ്മാശ്ലീഹായായിരുന്നു.
- എ.ഡി.52–ൽ അദ്ദേഹം കൊടുങ്ങല്ലൂരിൽ വന്നിറങ്ങി.
- തോമ്മാശ്ലീഹാ പാലയൂർ, കോട്ടക്കാവ്, കോക്കമംഗലം, കൊല്ലം, നിരണം, ചായൽ (നിലയ്ക്കൽ) എന്നീ സ്ഥലങ്ങളിലും സുവിശേഷം പ്രസംഗിക്കുകയും സഭാസമൂഹങ്ങൾ സ്ഥാപിക്കുകയും ചെയ്തു.
- എ.ഡി. 72 ൽ ശത്രുക്കൾ ശൂലം കൊണ്ട് കുത്തി അദ്ദേഹത്തെ വധിച്ചു.

പ്രേഷിതാത്മക സഭ

## പശ്ചാത്യ മിഷനറിമാരുടെ പ്രേഷിതപ്രവർത്തനം

- പശ്ചാത്യസഭയിൽ നിന്നെത്തിയ മിഷനറിമാരിൽ പ്രേഷിതതീക്ഷ്ണത നിറഞ്ഞ ഈശോ സഭാ വൈദികനായിരുന്നു വിശുദ്ധ ഫ്രാൻസീസ് സേവ്യർ.
- 1542 മെയ് 6–ാം തീയതി ഇന്ത്യയിലെങ്ങും മറ്റു കിഴക്കൻ രാജ്യങ്ങളിലെയും പേപ്പൽ പ്രതിനിധിയായി ഇന്ത്യയിലെത്തിയ അദ്ദേഹം മാർതോമ്മാക്രിസ്ത്യാനികളോട് അനുഭാവപൂർവ്വമായ നയമാണ് സ്വീകരിച്ചിരുന്നത്.
- 1552 ഡിസംബർ 8–ാം തീയതി ചൈനയുടെ തീരത്തുള്ള സാഞ്ചിയൻ ദ്വീപിൽവച്ച് വിശുദ്ധ ഫ്രാൻസീസ് സേവ്യർ ഇഹലോകവാസം വെടിഞ്ഞു.

പ്രേഷിതമായ സഭ

## സീറോമലബാർ സഭയുടെ പ്രേഷിത ചൈതന്യവും മുന്നേറ്റവും

ഭാരതത്തിലെ മിഷനറിമാരിൽ ഗണ്യമായ ഭാഗം സീറോമലബാർസഭയിൽനിന്നാണ്.

അക്രൈസ്തവരുടെ ഇടയിൽ കത്തോലിക്കാവിശ്വാസം കാത്തുസൂക്ഷിച്ചു പോരുന്നതിൽ ഈ സഭ വളരെയധികം വിജയിച്ചിട്ടുണ്ട്.

പ്രേഷിതയായ സഭ

## ഓരോ ക്രൈസ്തവനും പ്രേഷിതൻ

- മാമ്മോദീസാ സ്വീകരിക്കുന്നതോടുകൂടിത്തന്നെ ഒരുവൻ സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരുന്നു.
- സഭാസമൂഹത്തിന്റെ അടിസ്ഥാനപരമായ പ്രേഷിതദൗത്യം സുവിശേഷത്തിന് അനുസൃതമായ ജീവിതംവഴി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുക എന്നതാണ്.

## എന്റെ തീരുമാനം

സഭയുടെ
പ്രേഷിതപ്രവർത്തനങ്ങ
ള പ്രാർത്ഥന വഴിയും
സംഭാവനവഴിയും
ഞാൻ സഹായിക്കും.


ഓർക്കാൻ ഒരു തിരുവചനം
നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.

## നമുക്കു പ്രാർത്ഥിക്കാം

പിതാവിനാൽ അയയ്ക്കപ്പെട്ട ഈശോയേ, ജീവിതത്തിലെ വിവിധ രംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കുവാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.